**15 -ാം കേരള നിയമസഭ**

**4 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1462** **14-03-2022 - ൽ മറുപടിയ്ക്ക്**

**രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ്**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ എം എസ് അരുൺ കുമാർ | | null<br>(റവന്യൂ-ഭവനനിർമ്മാണ വകുപ്പ് മന്ത്രി) | |
| (എ) | മാവേലിക്കര മണ്ഡലത്തിൽ സ്ഥിതി ചെയ്യുന്ന രാജാരവിവർമ്മ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സ് എന്ന സ്ഥാപനത്തിന് പമ്പ ഇറിഗേഷൻ പ്രോജക്റ്റിന്റെ സ്ഥലം കൈമാറുന്നതിന് സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (എ) | ആലപ്പുഴ ജില്ലയിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 83 റീ സർവേ നമ്പർ 8/2-ൽ പെട്ട പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി രാജാ രവിവർമ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് വിട്ട് നല്കുന്നതിന് ജല സേചന വകുപ്പ് അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത ഭൂമി രാജാ രവിവർമ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പാട്ടത്തിന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിന് വേണ്ടിയുള്ള ഭൂമി പാട്ടനിബന്ധന ഉദാരമാക്കി പാട്ടത്തുക സൗജന്യമാക്കിത്തരണമെന്ന് കേരള സർവകലാശാല ആവശ്യപ്പെട്ടിട്ടുള്ളതായി ഉന്നത വിദ്യാഭ്യാസ വകുപ്പ് അറിയിക്കുകയും ടി വിഷയത്തിന്മേൽ ചില വിഷയങ്ങളിൽ സ്പഷ്ടീകരണം ആവശ്യമുള്ളതിനാൽ ആയത് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതാണ്. |
| (ബി) | പ്രസ്തുത സ്ഥലം അടിയന്തരമായി കൈമാറുന്നതിനുള്ള നടപടികൾ സ്വീകരിക്കുമോയെന്ന് വിശദമാക്കുമോ? | (ബി) | ആലപ്പുഴ ജില്ലയിൽ മാവേലിക്കര വില്ലേജിൽ ബ്ലോക്ക് നമ്പർ 83 റീ സർവേ നമ്പർ 8/2-ൽ പെട്ട പമ്പ ജലസേചന പദ്ധതി വക 66 സെന്റ് ഭൂമി രാജാ രവിവർമ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് വിട്ട് നല്കുന്നതിന് ജല സേചന വകുപ്പ് അനുമതി നല്കിയിട്ടുണ്ട്. പ്രസ്തുത ഭൂമി രാജാ രവിവർമ സെന്റർ ഓഫ് എക്സലൻസ് ഫോർ വിഷ്വൽ ആർട്സിന് പാട്ടത്തിന് അനുവദിക്കുന്നതിനുള്ള പ്രൊപ്പോസൽ പരിശോധിച്ച് ഉന്നത വിദ്യാഭ്യാസ വകുപ്പിന്റെ അഭിപ്രായം ആരാഞ്ഞിരുന്നു. പ്രസ്തുത സ്ഥാപനത്തിന്റെ വികസനത്തിന് വേണ്ടിയുള്ള ഭൂമി പാട്ടനിബന്ധന ഉദാരമാക്കി പാട്ടത്തുക സൗജന്യമാക്കിത്തരണമെന്ന് |

| | | | |
|---|---|---|---|
| | | | കേരള സർവകലാശാല ആവശ്യപ്പെട്ടിട്ടുള്ളതായി ഉന്നത വിദ്യാഭ്യാസ വകുപ്പ് അറിയിക്കുകയും ടി വിഷയത്തിന്മേൽ ചില വിഷയങ്ങളിൽ സ്പഷ്ടീകരണം ആവശ്യമുള്ളതിനാൽ ആയത് ആവശ്യപ്പെട്ടിരിക്കുകയാണ്. ഇത് ലഭ്യമാകുന്ന മുറയ്ക്ക് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുന്നതാണ്. |

സെക്ഷൻ ഓഫീസർ